DESPATCHED
On...05/03/2020

31/01/2020
S-2921


# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920

Email:- sic.ker@nic.in


## ഹർജി നമ്പർ AP.No.2921(5)/18/SIC

## തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം

## File No.14650/SIC-G7/2018

**സന്നിഹിത**

**ശ്രീമതി ശ്രീലത പി.ആർ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

Shri. Aby Abraham Eapen,
(DDA Rtd),
Kurudamannil,
Oonnakkavu P.O, Ranny,
Pathanamthitta – 689 674.
} Appellant

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
കൃഷി ഓഫീസർ,
വടശ്ശേരിക്കര, വടശ്ശേരിക്കര പി.ഒ,പത്തനംതിട്ട – 689 662.

അപ്പീൽ അധികാരി & പ്രിൻസിപ്പൽ കൃഷി ഓഫീസർ,
പ്രിൻസിപ്പൽ കൃഷി ഓഫീസ്, പത്തനംതിട്ട.
} എതിർകക്ഷികൾ

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 02.07.2018 |
| ഒന്നാം എതിർകക്ഷിയുടെ മറുപടി | --- |
| ഒന്നാം അപ്പീൽ | 27.08.2018 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 11.10.2018 |
| രണ്ടാം അപ്പീൽ | 10.12.2018 |
| ഹിയറിംഗ് തീയതി, സ്ഥലം | 07.11.2018, കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, പത്തനംതിട്ട |
| എതിർകക്ഷി<br><br>അപ്പീൽഹർജിക്കാരൻ | ഹാജരായിരുന്നു<br><br>ഹാജരായിരുന്നു |

1. അപ്പീൽ ഹർജിക്കാരൻ വടശ്ശേരിക്കര കൃഷി ഭവനിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് ആവശ്യപ്പെട്ടത് പത്തനംതിട്ട പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസറുടെ 14.05.2018 ലെ 11524/16 നമ്പർ ഓഡിറ്റുമായി ബന്ധപ്പെട്ട ഏതാനും വിവരങ്ങളാണ്
2. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷിയിൽ നിന്നും മറുപടി ലഭ്യമാകാത്തതിനെ തുടർന്ന് ഒന്നാം അപ്പീൽ സമർപ്പിക്കുകയുണ്ടായി. ഒന്നാം അപ്പീൽ സ്വീകരിച്ച അപ്പീൽ അധികാരി, റാന്നി വടശ്ശേരിക്കര കൃഷി ഭവനിലെ എസ്.പി.ഐ.ഒ 07.10.2018 ൽ തയ്യാറാക്കിയ ഒരു മറുപടി ടി ഓഫീസിൽ നിന്ന് ശേഖരിച്ച് അപ്പീൽഹർജിക്കാരന് നൽകി കൊണ്ട് ഒന്നാം അപ്പീൽ തീർപ്പാക്കി.
3. തുടർന്ന് അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളേയും നേരിൽ കേൾക്കാൻ നിശ്ചയിച്ചു. നേർവിചാരണയ്ക്ക് ഹാജരായ അപ്പീൽഹർജിക്കാരൻ അറിയിച്ചത്, 02.07.2018 ലെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം അപ്പീൽ സമർപ്പിക്കുന്നത് വരെ യാതൊരു വിവരവും ഒന്നാം എതിർകക്ഷി നൽകിയിരുന്നില്ല എന്നാണ്.

4. അപ്പീൽഹർജിക്കാരൻ 02.07.2018 തീയതി സമർപ്പിച്ച വിവരാവകാശ അപേക്ഷ ഓഫീസിൽ ലഭ്യമായിട്ടുണ്ടെങ്കിലും ടിയാന് നൽകിയ മറുപടിയുടെ പകർപ്പ് ഫയലിൽ കണ്ടെത്താൻ ആയിട്ടില്ല എന്നും ഒന്നാം അപ്പീലിന് ഓഫീസിൽ ലഭ്യമായ വിവരങ്ങൾ എല്ലാം അപ്പീൽ അധികാരിയ്ക്ക് നൽകിയിട്ടുണ്ട് എന്നാണ് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ മൊഴി നൽകിയത്.

5. അപ്പീൽ ഹർജിയും മറ്റ് അനുബന്ധരേഖകളും എതിർകക്ഷിയുടെ മൊഴിയും പരിശോധിക്കുമ്പോൾ, അപ്പീൽഹർജിക്കാരന്റെ 02.07.2018 ലെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടില്ല എന്ന് വ്യക്തം. വിവരാവകാശ നിയമം വകുപ്പ് 6(1) പ്രകാരം ലഭ്യമായ അപേക്ഷയ്ക്ക് അതേ നിയമം വകുപ്പ് 7(1) പ്രകാരം 30 ദിവസത്തിനുള്ളിൽ മറുപടി നൽകണമെന്നാണ്. ഒന്നാം അപ്പീൽ സമർപ്പിച്ചതിന് ശേഷമാണ് ഒരു മറുപടിയെങ്കിലും ടിയാന് ലഭിച്ചിട്ടുള്ളത്. നിശ്ചിത സമയപരിധിക്കുള്ളിൽ മറുപടി നൽകാതിരുന്ന എസ്.പി.ഐ.ഒയുടെ നടപടി വിവരാവകാശ നിയമത്തിന്റെ ലംഘനവും ഗുരുതരമായ വീഴ്ചയും നിയമത്തോടുള്ള അനാദരവും അവഹേളനവുമായി കമ്മീഷൻ വിലയിരുത്തുന്നു. ഇപ്രകാരം വീഴ്ച വരുത്തിയ എസ്.പി.ഐ.ഒ ശ്രീമതി രാജപുഷ്പം. പി.ജെ ക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താൽക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയതു ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു മറുപടിയും ലഭിക്കുന്നില്ലെങ്കിൽ ടി എതിർകക്ഷിക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ മേൽ വകുപ്പ് പ്രകാരമുള്ള അന്തിമ നടപടി സ്വീകരിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതാണ്.

6. 02.07.2018 തീയതി സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് വിവരം ലഭിച്ചിട്ടില്ല എന്ന് അപ്പീൽ ഹർജിക്കാരൻ അറിയിച്ച സാഹചര്യത്തിൽ മേപ്പടി വിവരാവകാശ അപേക്ഷ ഒരിക്കൽ കൂടി പരിശോധിച്ച് 1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിലൂടെ ആവശ്യപ്പെട്ട വിവരത്തിന് വ്യക്തവും കൃത്യവുമായ മറുപടി ഈ ഉത്തരവ് കിട്ടി 7 ദിവസത്തിനുള്ളിൽ അപ്പീൽഹർജിക്കാരന് രജിസ്റ്റേർഡ് തപാലിൽ സൗജന്യമായി അയച്ചു നൽകേണ്ടതാണെന്ന് ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു. കമ്മീഷൻ നിർദ്ദേശം യഥാസമയം നടപ്പിലാക്കി രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണ്.

7. ഇപ്രകാരം ഈ അപ്പീൽഹർജി **ഇന്നേദിവസം 2020 ജനുവരി 31-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

(ഒപ്പ്)
**ശ്രീലത. പി. ആർ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM